(ഇ) അവർ പ്രസ്തുത സംഘടനയിൽ ഏത് സ്ഥാനം വഹിക്കുന്നു ;

(എഫ്) കോപ്പിയടിച്ച ഇവർക്കെതിരെ എന്ത് നടപടി കൈക്കൊണ്ടു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നാല് വിദ്യാർത്ഥികളെ പിടികൂടുകയുണ്ടായി.

(ബി) നടപടിയെടുക്കുന്നതിനുള്ള ശുപാർശയൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) കാർ തകർത്തതായി വിവരമൊന്നും കിട്ടിയിട്ടില്ല.

(ഡി) അറിയില്ല.

(ഇ) അറിയില്ല.

(എഫ്) ഇവരുടെ പരീക്ഷാ പേപ്പർ മറ്റു പേപ്പറുകൾക്കൊപ്പം യൂണിവേഴ്സിറ്റിക്ക് അയച്ചിട്ടില്ല. പ്രിൻസിപ്പലിന്റെ കസ്റ്റഡിയിൽ സൂക്ഷിച്ചിരിക്കുകയാണ്. യൂണിവേഴ്സിറ്റി ആവശ്യപ്പെടുമ്പോൾ അയച്ചുകൊടുക്കുന്നതാണ്.

കൊല്ലം എസ്.എൻ. കോളേജിലെ വിദ്യാർത്ഥി സമരം

71 (2051) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം എസ്.എൻ. കോളേജിലെ വിദ്യാർത്ഥി സമരം മൂലം അവിടത്തെ അദ്ധ്യയനം നിരന്തരം തടസ്സപ്പെട്ട കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സമരം മൂലം സംഭവിച്ച അദ്ധ്യയന നഷ്ടവും വസ്തുവകകൾക്കുള്ള നഷ്ടവും കണക്കാക്കിയിട്ടുണ്ടോ ;

(സി) ഒരു പ്രത്യേക വിദ്യാർത്ഥി സംഘടനയാണ് സംസ്ഥാനത്തെ വിവിധ കോളേജുകളിൽ ഈ അടുത്ത കാലത്ത് സമരം നടത്തിയിട്ടുള്ളതെന്ന ആരോപണത്തെക്കുറിച്ച് ഗവൺമെന്റിനറിവുണ്ടോ ;

(ഡി) കോളേജുകളിലെ അച്ചടക്കം നിലനിർത്തുന്നതിന് മാനേജ്മെന്റ് സ്വീകരിച്ച നടപടികൾക്കെതിരെയാണ് പല സമരങ്ങളുമെന്ന് വിവിധ മാനേജ്മെന്റുകൾ പരാതിപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഇ) ഇത്തരം നിരന്തര സമരത്തിനെതിരെ മറ്റെല്ലാ വിദ്യാർത്ഥി സംഘടനകളും പ്രതിഷേധിച്ചിട്ടുള്ളതായി അറിവുണ്ടോ ;

(എഫ്) എസ്.എൻ. കോളേജ് സമരത്തിനെതിരെ പ്രകടനം നടത്തിയ എ.ഐ.എസ്.എഫ്. പ്രവർത്തകരെ സമരക്കാരും പോലീസും ആക്രമിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) സമരം അവസാനിപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(എച്ച്) സമരങ്ങൾമൂലം ഉണ്ടായ അദ്ധ്യയന നഷ്ടം പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോളേജ് തലത്തിൽ കണക്കാക്കിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) ഇല്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ഉണ്ട്. പ്രിൻസിപ്പൽമാർ, മാനേജ്മെന്റ് പ്രതിനിധികൾ, വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ എന്നിവരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്.

(എച്ച്) തീരുമാനിച്ചിട്ടില്ല.

സംസ്ഥാനത്തെ കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തൽ പ്രക്രിയ

72 (2052) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ആർ. ലതാദേവി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതിനകം എത്ര പ്രീഡിഗ്രി സീറ്റുകൾ കോളേജുകളിൽ നിന്നും വേർപ്പെടുത്തി കഴിഞ്ഞു ;

(ബി) ഇനി എത്ര സീറ്റുകൾ വേർപ്പെടുത്തേണ്ടതായിട്ടുണ്ട് ;

(സി) ഈ പ്രക്രിയ എപ്പോൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 39150

(ബി) 67680

(സി) 2000-2001 അദ്ധ്യയന വർഷത്തോടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly